# നവലോകക്രമത്തിന്റെ ഗതി

**ശീത** യുദ്ധത്തിന്റെ അന്ത്യത്തോടെ അന്താരാഷ്ട്ര നിരീക്ഷകരുടെയും സാമൂഹിക ശാസ്ത്ര വിശാരദന്മാരുടെയും മുന്നിൽ വലിയൊരു ചോദ്യം ഉയർന്നുവന്നു: ആഗോളവ്യവസ്ഥയുടെ സ്വഭാവം ഇനി എന്തായിരിക്കും? ലോകം മുഴുവൻ ഒരൊറ്റ വൻശക്തിയുടെ നിയന്ത്രണച്ചരടിൽ കോർക്കപ്പെടുമോ? അതോ ഓരോ ജനതക്കും അതിന്റെ ഇഷ്ടാനുസാരം ജീവിക്കാൻ സ്വാതന്ത്ര്യം ലഭിക്കുമോ? രണ്ടാമത്തെ സാധ്യത സ്വപ്നംകണ്ടവരുണ്ടെങ്കിലും ഒന്നാമത്തെ സാധ്യതയാണ് അധികപേരും പ്രവചിച്ചത്. കാരണം, ലോകം മുഴുവൻ ഒരൊറ്റ വൻശക്തിയുടെ ചെൽപടിയിലേക്കണയുന്നതിന്റെ വ്യക്തമായ സൂചനകളാണ് സംഭവഗതികളും സാഹചര്യങ്ങളും പ്രാരംഭം മുതലേ നൽകിക്കൊണ്ടിരുന്നത്. ചരിത്രധാരയുടെ ഗതി സൂചിപ്പിക്കുന്നതും മറ്റൊന്നല്ല.

മൂന്ന് നൂറ്റാണ്ട് മുമ്പ് ആരംഭിച്ച പാശ്ചാത്യ കൊളോണിയലിസം എന്നു വിളിക്കപ്പെടുന്ന പ്രതിഭാസം അതിന്റെ നൈയാമികമായ സമ്പൂർണതയോടടുത്തുകൊണ്ടിരിക്കുന്നതാണ് നാമിപ്പോൾ കാണുന്നത്. നീണ്ട നൂറ്റാണ്ടുകൾക്കിടയിൽ അത് വ്യത്യസ്തമായ പല രൂപങ്ങളും സ്വഭാവങ്ങളും സ്വീകരിക്കുകയുണ്ടായി. രണ്ടാം ലോക യുദ്ധത്തിനു ശേഷം പടിഞ്ഞാറൻ കൊളോണിയലിസം അതിന്റെ അന്തിമ ഘട്ടത്തിലേക്ക് പ്രവേശിച്ചു. ആഗോളീകരണ നടപടി എന്നാണ് ഇപ്പോഴത് അറിയപ്പെടുന്നത്. അതായത്, മുഴുലോകത്തെയും ഒരൊറ്റ വ്യവസ്ഥിതിക്കു കീഴിൽ കൊണ്ടുവരാനുള്ള ശ്രമം. ആ വ്യവസ്ഥിതി ഏതെന്ന് വൻശക്തികൾ തീരുമാനിക്കും. ഈ ലക്ഷ്യത്തോടെ ആദ്യം ലീഗ് ഓഫ് നാഷൻസ് രൂപീകൃതമായി. അത് പരാജയപ്പെട്ടപ്പോൾ ഐക്യരാഷ്ട്രസഭ നിലവിൽ വന്നു. അഞ്ചു വൻശക്തികളടങ്ങുന്ന സെക്യൂരിറ്റി കൗൺസിലിന്റെ കൈകളിലാണ് ഐക്യരാഷ്ട്രസഭയുടെ യഥാർഥ ശക്തി. പക്ഷേ, ലോകത്തെ ഒരൊറ്റ ശക്തിക്കു കീഴിലാക്കാൻ കടമ്പകൾ പിന്നെയും ഉണ്ടായിരുന്നു. അവ ഓരോന്നായി തരണം ചെയ്യാനുള്ള ശ്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

വിപുലമായ സൈനികവത്കരണത്തിലൂടെയും അണുബോംബടക്കമുള്ള ഏറ്റം തന്ത്രപരമായ ആയുധങ്ങളുടെ കുത്തകവത്കരണത്തിലൂടെയും രാഷ്ട്രീയ മേൽക്കോയ്മക്കുള്ള മാർഗം നേരത്തേ ആവിഷ്കരിക്കപ്പെട്ടു. ആഗോള വ്യാപാര-വ്യവസായ-കാർഷിക കരാറുകളിലൂടെ സാമ്പത്തിക മേഖലയുടെ നിയന്ത്രണവും വലിയൊരളവോളം പാശ്ചാത്യരുടെ കൈകളിലണഞ്ഞു കഴിഞ്ഞു. ആരോഗ്യ രംഗം പോലും കീഴടക്കാനുള്ള ശ്രമം മുന്നേറിക്കൊണ്ടിരിക്കുന്നു. ശാസ്ത്ര-സാങ്കേതിക രംഗങ്ങളിൽ അവർ നേരത്തേതന്നെ വളരെ മുന്നിലാണ്. വെള്ളം, വായു, ബഹിരാകാശം ഇവയെല്ലാം സ്വന്തം നിയന്ത്രണത്തിലാക്കാൻ ശാസ്ത്ര-സാങ്കേതിക മുന്നേറ്റം അവരെ സഹായിക്കുന്നുണ്ട്. ഈ ശ്രമങ്ങൾ പരിപൂർണതയിലെത്തുമ്പോൾ ലോകത്തെ മുഴുവൻ ഒരൊറ്റ ശക്തിയുടെ- പാശ്ചാത്യ സാമ്രാജ്യത്വത്തിന്റെ- കാൽക്കീഴിലാക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കപ്പെടും. ഇതാണ് ആധുനിക ലോകം നേരിടുന്ന ഏറ്റവും

വലിയ ഭീഷണി.

ഇന്ന് എല്ലാ ജനവിഭാഗങ്ങളുടെയും ജീവിതത്തിന്റെ സകലമാന തുറകളിലും പടിഞ്ഞാറൻ സാമ്രാജ്യത്വത്തിന്റെ സ്വാധീനം പ്രകടമാണ്. സത്യം, ധർമം, നീതി, മാനുഷിക മൂല്യങ്ങൾ എല്ലാം നിശ്ചയിക്കുന്നതവരാണ്. സൈനിക രംഗത്തായാലും സാമ്പത്തിക രംഗത്തായാലും സാംസ്കാരിക രംഗത്തായാലും അവർ വിരൽ ചൂണ്ടുന്ന ദിശയിലേക്ക് ലോകം നീങ്ങിക്കൊള്ളണം; വിലങ്ങടിച്ചുനിൽക്കുന്നവർ ചെകുത്താന്മാരും അപരിഷ്കൃതരും ഭീകര (രാക്ഷസ)ന്മാരും! അതുകൊണ്ടുതന്നെ ഉന്മൂലനം ചെയ്യപ്പെടേണ്ടവരുമാണ്. ഈ 'നവനീതി' നടപ്പാക്കാനുള്ള ഉപകരണമാണ് ഐക്യരാഷ്ട്രസഭ. അതിന്റെ കീഴിൽ, സാമ്പത്തിക സാംസ്കാരിക മേഖലകളിൽ മുതലാളിത്ത സാമ്രാജ്യത്വ താൽപര്യങ്ങൾ സംരക്ഷിക്കാൻ എണ്ണമറ്റ സംഘടനകളും സ്ഥാപനങ്ങളും രൂപീകരിക്കപ്പെട്ടിരിക്കുന്നു. ഇവയുടെ പ്രവർത്തനം 'ദേശീയ രാഷ്ട്രം' എന്ന സങ്കൽപത്തെ നിരർഥകമാക്കിക്കൊണ്ടിരിക്കുകയാണ്. ദേശരാഷ്ട്രങ്ങളുടെ പ്രതിരോധാവകാശം പോലും കവർന്നെടുക്കപ്പെടുന്നു. ഐ.എ.ഇ.എ പോലുള്ള സ്ഥാപനങ്ങൾ നിർവഹിച്ചുകൊണ്ടിരിക്കുന്ന ദൗത്യം അതാണ്.

യു.എന്നിന്റെ മേൽവിലാസമുണ്ടായാൽ എന്തു ചെയ്യാം. എല്ലാം സമാധാനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും സംരക്ഷണത്തിനു വേണ്ടിയാണ്. ലോകത്തെ ചുട്ടു ചാമ്പലാക്കുന്ന ആണവായുധങ്ങൾ നിർമിച്ച് കുന്നുകൂട്ടിവെക്കുന്നത് സമാധാനത്തിന്. ദുർബല രാജ്യങ്ങളിൽ സൈനികാധിനിവേശം നടത്തുന്നത് ജനാധിപത്യ സംരക്ഷണത്തിന്. ജനലക്ഷങ്ങളെ നിഷ്ഠുരമായി കൊന്നൊടുക്കുന്നത് സ്വാതന്ത്ര്യ സംരക്ഷണത്തിന്. അതൊക്കെ ചെയ്യുന്നവർ ആഗോള സമാധാന പുരസ്കാരങ്ങൾക്കർഹരാകുന്നു.

സാമ്രാജ്യത്വാധിനിവേശത്തിന്റെ മുഖങ്ങൾ പലതാണ്. മണ്ണും വിണ്ണും സമുദ്രങ്ങളും കീഴടക്കുന്നതുകൊണ്ട് അത് തൃപ്തിപ്പെടുന്നില്ല. മനുഷ്യ മനസ്സിനെയും സംസ്കാരത്തെയും കൂടി അടിമപ്പെടുത്താനുള്ള യുദ്ധവും കൊടുമ്പിരിക്കൊണ്ടിരിക്കുന്നു. കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ടി.വി ചാനലുകൾ, മറ്റു വാർത്താ മാധ്യമങ്ങൾ തുടങ്ങിയവയാണ് ഈ യുദ്ധത്തിലെ ശക്തമായ ആയുധങ്ങൾ. ലോകത്തിലെ സാംസ്കാരിക വൈവിധ്യങ്ങളെ നിർജീവമാക്കി ജനതതികളെ തങ്ങളുടെ അനുകർത്താക്കളും ആജ്ഞാനുവർത്തികളുമാക്കി മാറ്റുകയാണതിന്റെ ലക്ഷ്യം. ഈ ലക്ഷ്യത്തിലും മുതലാളിത്തം ബഹുദൂരം മുന്നേറിക്കഴിഞ്ഞു.പൗരസ്ത്യ ലോകത്തെ അതിവേഗം അടിമപ്പെടുത്തിക്കൊണ്ടിരിക്കുകയാണ് 'നവലോകക്രമം'. ഭീകരമായ ഈ യാഥാർഥ്യത്തിനു നേരെ പൗരസ്ത്യ ലോകം ഇനിയും ഉണർന്നിട്ടില്ല. പടിഞ്ഞാറിന്റെ ഉറക്കുപാട്ടുകൾ അവരെ ഉണർത്താനുള്ള വിളികളെയെല്ലാം പരാജയപ്പെടുത്തുകയാണ്. പക്ഷേ, ഇനിയും ഉറക്കം തുടർന്നാൽ സമാധാനത്തിന്റെ അർഥം യുദ്ധമെന്നും സ്വാതന്ത്ര്യത്തിന്റേത് അടിമത്തമെന്നും ജനാധിപത്യത്തിന്റേത് പാശ്ചാത്യ ആധിപത്യം എന്നും ആയിത്തീരാൻ ഏറെ കാലം വേണ്ടിവരില്ല. ■